8. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് 50 ലക്ഷം രൂപ വരെ (ഓഹരി 20 ലക്ഷം + സബ്സിഡി 30 ലക്ഷം) അനുവദിച്ചു വരുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനും ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടിക ജാതി സർവീസ് സഹകരണ സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനുമുള്ള ധനസഹായത്തിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ധനസഹായ പദ്ധതിയുടെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ടി സംഘത്തിന് ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.

സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സ്റ്റാഫ് നിയമനം

249 (3681) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ റൂൾ 156 അനുസരിച്ച് സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസ്സിഫിക്കേഷൻ ബാധകമാക്കാതെ ഓഡിറ്റ് സ്റ്റാഫുകളെ ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ നിയമിക്കാമെന്നത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ബി) സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസിഫിക്കേഷൻ അനുസരിച്ച് ഗ്രേഡ് തിരിച്ച് ഓഡിറ്റർമാരെ നിയമിക്കാമെന്ന ഭേദഗതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങൾ ഓഡിറ്ററെ നിയമിക്കുന്നതിന് പ്രമേയം അംഗീകരിക്കുകയും ഓഡിറ്റ് കോസ്റ്റ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്കാണ് കെ.എസ്.ആർ ഭാഗം I ചട്ടം 156 പ്രകാരം ഓഡിറ്റർമാരെ നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly